## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 708** — **29/10/2019-ൽ മറുപടിയ്ക്ക്**

## കേരള ബാങ്ക്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.മുല്ലക്കര രത്നാകരൻ** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| കേരള ബാങ്ക് രൂപീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | മലപ്പുറം ഒഴികെയുള്ള 13 ജില്ലാ സഹകരണ ബാങ്കുകളെ കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിന് റിസർവ് ബാങ്കിൽ നിന്നും അന്തിമ അനുമതി ലഭിച്ചിട്ടുണ്ട്. സംസ്ഥാന സഹകരണ നിയമത്തിൽ കൊണ്ടുവന്ന 14 A ഭേദഗതി സംബന്ധിച്ചുള്ള കേസുകളിൽ ബഹു. കേരള ഹൈക്കോടതിയുടെ തീർപ്പുകൾക്ക് വിധേയമായാണ് ലയനം നടപ്പിലാക്കേണ്ടത്. താഴെ പറയുന്ന വ്യവസ്ഥകളാണ് അന്തിമ അനുമതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.<br><br>1) 2018 മാർച്ച് 31-ന്റെ നബാർഡിന്റെ കണക്ക് പ്രകാരം ലയിപ്പിച്ച് രൂപീകരിക്കുന്ന ബാങ്കിന് 9 ശതമാനം മൂലധന പര്യാപ്തത ആർജ്ജിക്കണമെങ്കിൽ 97.92 കോടി രൂപയുടെ കുറവുണ്ട്. ലയനത്തിന് മുൻപ് ഈ തുക സംസ്ഥാന സർക്കാർ നൽകണം. മാത്രമല്ല, 9% മൂലധനപര്യാപ്തത തുടർന്നും സംസ്ഥാന സർക്കാർ ഉറപ്പ് വരുത്തണം.<br><br>2) ജില്ലാ സഹകരണ ബാങ്കുകളുടെ നെറ്റ് വർത്തിന്റെ അടിസ്ഥാനത്തിൽ ലയന ശേഷമുള്ള ബാങ്കിൽ അംഗസംഘങ്ങളുടെ ഓഹരിമൂലധനം അനുവദിച്ച് നൽകണം. ഇതിനായി സംസ്ഥാന സഹകരണ ബാങ്ക് ഒരു ട്രാൻസ്ഫർ പ്രൈസ് വ്യവസ്ഥ രൂപപ്പെടുത്തണം. |

| | |
|---|---|
| | 3) വോട്ടവകാശം ഇല്ലാതെ വായ്പേതര സംഘങ്ങളുടെ ഒരു പ്രതിനിധിയെ റൊട്ടേഷൻ അടിസ്ഥാനത്തിൽ പുതിയ ബാങ്കിന്റെ ഭരണസമിതിയിൽ പ്രത്യേക ക്ഷണിതാവായി ഉൾപ്പെടുത്തണം.<br><br>4) ബോർഡ് ഓഫ് മാനേജ്മെന്റ്, ഘടന, അധികാരങ്ങൾ എന്നിവ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്ക് സമാനമായ മാർഗ്ഗനിർദ്ദേശത്തിന് അനുസരിച്ചാവണം.<br><br>5) ലയനശേഷം ആർ.ബി.ഐയുടെ തത്വത്തിൽ ഉള്ള അംഗീകാരത്തിൽ നിഷ്കർഷിച്ചിരുന്ന 11, 13, 15 എന്നീ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം.<br><br>മേൽ വ്യവസ്ഥകൾ പാലിച്ച് കേരള ബാങ്ക് രൂപീകരണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

**സെക്ഷൻ ഓഫീസർ**